>> കവർസ്റ്റോറി



# പലിശയുടെ സാമൂഹിക പ്രത്യാഘാതങ്ങൾ

പലിശ നിയമവിധേയമാവുന്നതോടെ ആധുനിക സാമ്പത്തിക ശാസ്ത്രത്തിൽ പണത്തോടുള്ള സമീപനം തന്നെ മാറുകയാണ്. വിനിമയ മാധ്യമം എന്ന മുഖ്യ ധർമം നിർവഹിക്കുന്നതിനു പകരം ചരക്കിന്റെ (commodity) സ്ഥാനമാണ് പണത്തിന് ആധുനിക സമ്പദ്‌വ്യവസ്ഥകൾ നൽകുന്നത്. പണപ്പെരുപ്പത്തിനും അസമത്വങ്ങൾക്കും മറ്റെല്ലാ കെടുതികൾക്കും കാരണം അടിസ്ഥാനപരമായി ഇതുതന്നെ. പാകിസ്താൻ സുപ്രീം കോടതി 1999-ൽ പലിശ നിരോധിച്ചുകൊണ്ടുള്ള ചരിത്രപ്രസിദ്ധമായ വിധി പ്രസ്താവിക്കവെ പലിശയെയും അതിന്റെ ദുരന്തഫലങ്ങളെയും കുറിച്ച് **ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി** നടത്തിയ പരാമർശങ്ങളാണ് ഇവിടെ എടുത്തു ചേർക്കുന്നത്.

**വിശുദ്ധ** ഖുർആൻ പലിശ നിരോധിക്കാനുള്ള കാരണമായി പറഞ്ഞിരിക്കുന്നത്, അത് കടുത്ത അനീതിയും അക്രമവും വ്യാപിപ്പിക്കുന്നു എന്നാണ്. വിശുദ്ധ ഗ്രന്ഥം അനീതിയാണെന്നു വ്യക്തമാക്കിയ ഒരു കാര്യത്തിൽ നീതി കണ്ടെത്താൻ നമുക്കാവില്ല. മാത്രമല്ല, അനീതിയുടെ വ്യാപ്തിയെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ നടന്നിട്ടുമുണ്ട്. ഒരു വ്യക്തി പലിശക്ക് കടം വാങ്ങുമ്പോൾ അനീതി അയാളിൽ മാത്രം ഒതുങ്ങുന്നില്ല. പലിശ വ്യവസ്ഥ ആധുനിക സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അത് മുഴുവൻ വിശദീകരിക്കാൻ നിരവധി ഗ്രന്ഥങ്ങൾ തന്നെ വേണ്ടി വരും. മൂന്ന് പ്രധാന വസ്തുതകളെ മാനദണ്ഡമാക്കി ഏതാനും കാര്യങ്ങൾ വളരെ ചുരുക്കി മാത്രം പ്രതിപാദിക്കുകയാണ്.

1. പലിശ നിരോധനത്തിന്റെ സൈദ്ധാന്തിക യുക്തി.
2. ഉൽപാദനത്തിൽ പലിശ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ.
3. വിതരണക്രമവും പലിശയുടെ കെടുതികളും.

സൈദ്ധാന്തിക ഭൂമികയിൽനിന്നുകൊണ്ട് രണ്ടു കാര്യങ്ങൾ മാത്രം ചർച്ച ചെയ്യാം. ഒന്ന്, പണത്തിന്റെ പ്രകൃതിയും കടമിടപാടുകളുടെ സ്വഭാവവും.

## പണത്തിന്റെ പ്രകൃതി

ആധുനിക സമ്പദ്‌വ്യവസ്ഥയിൽ മറ്റു വസ്തുക്കളെ പോലെതന്നെ പണത്തെയും 'ചരക്കാ'യാണ് പരിഗണിക്കുന്നത്. ഒരു വ്യാപാരി സാധനങ്ങൾ മൊത്ത വ്യാപാരിയിൽനിന്ന് വാങ്ങി അധിക വിലയ്ക്ക് വിൽക്കുന്നതുപോലെ പണവും അധിക വിലയ്ക്ക് വിൽക്കുകയാണ് ആധുനിക സമ്പദ്‌വ്യവസ്ഥ. ഇസ്‌ലാം പണത്തെ ചരക്കായി പരിഗണിക്കാൻ അനുവദിക്കുന്നില്ല. അതിന് മഹത്തായ ചില ധർമങ്ങൾ സമൂഹത്തിൽ നിർവഹിക്കാനുണ്ട്.

എ) ഒന്നാമതായി മനുഷ്യന്റെ ആവശ്യങ്ങൾ നേരിട്ട് തൃപ്തിപ്പെടുത്താൻ പണത്തെ ഉപയോഗിക്കരുത്. പണമുപയോഗിച്ച് സാധനങ്ങളോ സേവനങ്ങളോ വാങ്ങി ആവശ്യങ്ങൾ പൂർത്തീകരിക്കാം. സാധന-സേവനങ്ങൾക്കേ മനുഷ്യാവശ്യങ്ങൾ നേരിട്ട് തൃപ്തിപ്പെടുത്താനാവൂ.

പണത്തിന് നേരിട്ട് യൂട്ടിലിറ്റി (Intrinsic Utility) ഇല്ല.

ബി) പണത്തിന് വിനിമയ മാധ്യമം, മൂല്യമാപിനി എന്നീ രണ്ട് ഗുണങ്ങളേ അടിസ്ഥാനപരമായുള്ളൂ. ഒരേ മുഖവിലയുള്ള എല്ലാ പണത്തിന്റെയും മൂല്യം ഒന്നുതന്നെയാണ്. ആയിരം രൂപയുടെ മുഷിഞ്ഞ കറൻസിയും പുതിയ കറൻസിയും തമ്മിൽ മൂല്യത്തിൽ വ്യത്യാസം ഇല്ല എന്നർഥം.

സി) ചരക്കുകളുടെ വിനിമയത്തിൽ ഒരു പ്രത്യേക വസ്തുവാണ് കച്ചവടം ചെയ്തതെങ്കിൽ അതുതന്നെ കൈമാറണം. ഉദാഹരണത്തിന് എ എന്ന വ്യക്തി ഒരു പ്രത്യേക കാർ കച്ചവടം ചെയ്താൽ ആ കാർ തന്നെ നൽകാൻ വിറ്റ വ്യക്തിയും സ്വീകരിക്കാൻ വാങ്ങിയ വ്യക്തിയും നിർബന്ധിതരാണ്. പണം അങ്ങനെയല്ല. എ ഒരു വസ്തു ആയിരം രൂപയുടെ കറൻസി കാണിച്ച് കച്ചവടം ചെയ്താൽഅതേ മൂല്യമുള്ള മറ്റൊരു കറൻസി നൽകിയാലും മതി.

ഈ വസ്തുതകളുടെ പിൻബലത്തിൽ പണത്തിന്റെ കച്ചവടവും പണം കൈമാറ്റം ചെയ്യുമ്പോൾ അധികം ആവശ്യപ്പെടുന്നതും ശരീഅത്ത് നിരോധിക്കുന്നു. വിനിമയ മാധ്യമം, മൂല്യമാപിനി എന്നീ ധർമങ്ങളാണ് പണം നിർവഹിക്കേണ്ടത്. അതിനു മാത്രമേ അതിനെ ഉപയോഗപ്പെടുത്താവൂ.

## ഇമാം ഗസ്സാലിയുടെ വീക്ഷണം

പ്രമുഖ പണ്ഡിതനായ ഇമാം ഗസ്സാലി ഒമ്പത് നൂറ്റാണ്ടു മുമ്പ് പണത്തിന്റെ ധർമങ്ങളെക്കുറിച്ച് വിശദമായി പരാമർശിക്കുകയുണ്ടായി.

'ദിർഹമും ദീനാറും അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. പണത്തിന് അതിലടങ്ങിയ ലോഹത്തിന്റെ വിലയല്ല ഉള്ളത്; വിനിമയ മൂല്യമാണ്. മനുഷ്യന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിസ്ഥാന ഉപാധിയാണ് അത്. ആവശ്യമില്ലാത്തത് വിൽക്കുകയും ആവശ്യമുള്ളത് വാങ്ങുകയും ചെയ്യാൻ വിനിമയ മാധ്യമം കൂടിയേ തീരൂ. കൈമാറ്റം ചെയ്യുന്ന വസ്തുക്കൾ ഒരേ രൂപവും ഭാവവും ഉള്ളവയല്ല എന്നതിനാൽ അവയുടെ മൂല്യം കണക്കാക്കുന്നതിന് മൂല്യമാപിനി എന്ന നിലയിലും പണം ഉപയോഗിക്കുന്നു.'

'വിനിമയ മാധ്യമം, മൂല്യമാപിനി എന്നീ രണ്ടു ധർമങ്ങൾ നിർവഹിക്കാനാണ് അല്ലാഹു പണം സൃഷ്ടിച്ചത്. അതിനു പകരം ആവശ്യപൂർത്തീകരണത്തിന് പണത്തെ നേരിട്ട് ഉപയോഗിക്കാൻ തുടങ്ങിയാൽ ആളുകൾ അത് സംഭരിച്ച് സൂക്ഷിക്കാൻ തുടങ്ങും. ഇത് സമ്പദ്‌വ്യവസ്ഥയെ ദോഷകരമായി ബാധിക്കും. പണത്തിന് അടിസ്ഥാന ധർമം പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യും. മറ്റു വസ്തുക്കൾക്ക് പണത്തിന്റെ ദൗത്യം നിർവഹിക്കാൻ സാധിക്കുകയുമില്ല. ഉദാഹരണമായി, അൽപം തുണി കൈയിലുള്ളയാൾക്ക് ഭക്ഷണം ആവശ്യമായി വന്നാൽ തുണിക്കു പകരം ഭക്ഷണം ലഭിച്ചുകൊള്ളണമെന്നില്ല. പണം കണ്ണാടി പോലെയാണ്. കണ്ണാടിക്ക് സ്വന്തമായി നിറമില്ല. എന്നാൽ എല്ലാ നിറവും പ്രതിഫലിപ്പിക്കാൻ അതിനു കഴിയും. പണം സ്വയം ലക്ഷ്യമല്ല, ലക്ഷ്യത്തിലേക്കെത്താനുള്ള ഉപകരണം മാത്രം'.

'പണത്തെ അതിന്റെ യഥാർഥ ദൗത്യം മനസ്സിലാക്കി ഉപയോഗിച്ചാൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാവും. എന്നാൽ ആരെങ്കിലും പൂഴ്ത്തിവെച്ചാൽ അനീതിയാണ് ചെയ്യുന്നത്. ഭരണാധികാരിയെ തടവിലിടുന്നതിന് തുല്യമാണത്. പണം നൽകി കൂടുതൽ പണം സ്വീകരിക്കൽ അതിന്റെ കച്ചവടമാണ്. ഇത് അനീതിയാണ്. പണത്തിന്റെ ലക്ഷ്യങ്ങൾ ഇവിടെ ലംഘിക്കപ്പെടുന്നു. ഇത് അനുവദിക്കപ്പെട്ടാൽ പണം പൂഴ്ത്തിവെക്കാൻ തുടങ്ങും. ഭരണാധികാരിയെയോ പോസ്റ്റുമാനെയോ തടവിലിട്ടാൽ അവരുടെ അസ്തിത്വം തന്നെ നഷ്ടപ്പെടുന്നതുപോലെ പണത്തിന്റെ പൂഴ്ത്തിവെപ്പും കച്ചവടവും അസ്തിത്വ നിഷേധമാണ്.'

900 വർഷം മുമ്പ് ഇമാം ഗസ്സാലി പ്രതിപാദിച്ച കാര്യങ്ങൾ ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞരും ശരിവെക്കുന്നു. പണത്തിന്റെ മുഖ്യ ധർമങ്ങൾ വിനിമയ മാധ്യമം, മൂല്യമാപിനി എന്നിവയാണെന്ന് അംഗീകരിക്കുന്ന സാമ്പത്തികവിദഗ്ധർ അതിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിൽ പരാജയമാണ്. പണത്തെ ലാഭമുണ്ടാക്കാനുള്ള ഉപാധിയായി, പരസ്പര പണ കൈമാറ്റത്തിന് അനുമതി നൽകുവോളംകാലം ആധുനിക സാമ്പത്തിക പ്രശ്നങ്ങൾ തൃപ്തികരമായി പരിഹരിക്കാനാവില്ല.

ഉൽപന്നങ്ങളെ ഉപഭോകൃത വസ്തുക്കൾ, ഉൽപാദക വസ്തുക്കൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. പണത്തെ ഉൽപാദന ഉപകരണമായാണ് മിക്ക സാമ്പത്തിക ശാസ്ത്രജ്ഞരും പരിഗണിക്കുന്നത്. എന്നാൽ ഉൽപാദന വസ്തുവോ ഉപഭോകൃത ചരക്കോ അല്ല പണം എന്നാണ് ഇസ്‌ലാമിക വീക്ഷണം. പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ജെ.എം കെയിൻസ് ഈ വാദം ഉയർത്തിയിരുന്നു. എങ്കിലും പലിശാധിഷ്ഠിത വ്യവസ്ഥയുടെ മേൽക്കോയ്മ മൂലം ഈ വശം പരിഗണിച്ചുള്ള പഠനങ്ങൾ പിന്നീട് നടക്കുകയുണ്ടായില്ല. പലിശയുടെ കെടുതികളിൽ പെട്ടുഴലുന്ന രാജ്യങ്ങളിൽ പോലും ഇതിലൂന്നിയുള്ള പഠനങ്ങൾക്ക് ആരും താൽപര്യം കാണിച്ചില്ല. എന്നാൽ സാമ്പത്തിക തകർച്ചകൾ വിദഗ്ധരുടെ കണ്ണ് തുറപ്പിക്കാറുണ്ട്. 1930-കളിലെ ലോക സാമ്പത്തിക മാന്ദ്യത്തിന്റെ കാലയളവിൽ ഡെന്നീസ് മുണ്ടെയുടെ നേതൃത്വത്തിലുള്ള ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി സാമ്പത്തിക തകർച്ചയുടെ കാരണങ്ങളെക്കുറിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പണത്തിന്റെ കച്ചവടം നിർത്താനും വിനിമയ മാധ്യമമെന്ന യഥാർഥ ധർമം നിർവഹിക്കുന്നതിന് പണത്തെ പ്രചോദിപ്പിക്കാനും നിർദേശിക്കുന്നുണ്ട്.

പണത്തിന്റെ പ്രകൃതിപരമായ ദൗത്യം അവഗണിച്ചതാണ് ലോക സാമ്പത്തിക പ്രശ്നങ്ങൾക്ക് മുഖ്യ കാരണം. ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞരും ഇത് തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിലെ പ്രഫ. ജോൺ ഗ്രേ തന്റെ False Down എന്ന പുസ്തകത്തിൽ എഴുതുന്നു:

"ലോക വിദേശ വിനിമയ രംഗത്ത് ഒരു ദിവസം 1.2 ബില്യൻ ഡോളറിലേറെ തുകക്കുള്ള കൈമാറ്റങ്ങൾ നടക്കുന്നു. ലോക വ്യാപാരത്തിന്റെ 50 മടങ്ങിലധികമാണിത്. ഇതിൽ 95 ശതമാനവും ഊഹക്കച്ചവടങ്ങളാണ്. സാങ്കൽപികമായ വിനിമയങ്ങളാണ് നടക്കുന്നത്. വിദേശ വിനിമയ വിപണിയിൽ ഒരു ദിവസം, ഫ്രാൻസിന്റെ ഒരു വർഷത്തെ മൊത്ത ആഭ്യന്തര ഉൽപന്നത്തേക്കാൾ കൂടുതൽ തുകക്ക് വിനിമയം നടക്കുന്നുണ്ടത്രെ. അഥവാ ലോകത്തുള്ള മൊത്തം കേന്ദ്ര ബാങ്കുകളുടെ വിദേശ നാണ്യ കരുതൽശേഖരത്തേക്കാൾ 200 മില്യൻ അധികം. ഊഹക്കച്ചവടം മേധാവിത്വം പുലർത്തുന്ന ഈ വ്യവസ്ഥ തകർച്ചയുടെ വക്കിലാണ്."

ഒരു ദിവസത്തെ വിനിമയങ്ങളുടെ വലുപ്പമാണ് ജോൺ ഗ്രേ സൂചിപ്പിച്ചത്. മൊത്തം ധനസംഭരണം അതിലധികമാണ്. റിച്ചാർഡ് തോംസൺ അതിങ്ങനെ വിശദീകരിക്കുന്നു: 'ധനവിനിമയ രംഗത്ത് ഊഹ, സാങ്കൽപിക ഇടപാടുകൾ അത്ഭുതകരമാംവിധം വർധിച്ചുവരികയാണ്. 1996-ൽ ഇത് 64 ട്രില്യൻ ഡോളറായിരുന്നു.

മനുഷ്യമനസ്സിന് ഊഹിക്കാൻ കഴിയുന്ന തിനപ്പുറം!'

വിഖ്യാത സാമ്പത്തിക ശാസ്ത്ര ജ്ഞൻ ജെയിംസ് റോബർട്സൺ 'ട്രാൻസ്ഫോർമിംഗ് ഇക്കണോമിക് ലൈഫ്' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: "ഇന്നത്തെ ധന വ്യവസ്ഥ പാരിസ്ഥിതികമായി വിനാശകരവും സാമ്പത്തികമായി കാര്യക്ഷമമല്ലാത്തതുമാണ്, അതിനാൽതന്നെ അനീതി നിറഞ്ഞതും. പണം ഉൽപാദനത്തെയും ഉപഭോഗത്തെയും ആവശ്യമായതിലേറെ വർധിപ്പിക്കുക വഴി സാമ്പത്തിക പ്രവർത്തനമില്ലാതെ പണത്തിൽനിന്ന് കൂടുതൽ പണമുണ്ടാക്കാൻ പ്രേരിപ്പിക്കുന്നു. ലോക സാമ്പത്തിക ഇടപാടുകളിൽ 95 ശതമാനവും വെറും ധന കൈമാറ്റങ്ങളാണ്. ഉൽപാദനവുമായോ യഥാർഥ സമ്പദ്വ്യവസ്ഥയുമായോ യാതൊരു ബന്ധവും അതിനില്ല."

ഇമാം ഗസ്സാലി സൂചിപ്പിച്ചതും ഇതു തന്നെ. പ്രകൃതിവിരുദ്ധമായ പണവിനിമയങ്ങളുടെ ദോഷഫലങ്ങൾ ഇമാം ഗസ്സാലി വിവരിക്കുന്നത് കാണുക: "പലിശ നിരോധിക്കാനുള്ള കാരണങ്ങളിൽ മുഖ്യം അത് ജനങ്ങളെ ഉൽപാദനപ്രവർത്തനങ്ങളിൽനിന്ന് തടയുന്നു എന്നതാണ്. പണത്തിനു പകരം കൂടുതൽ പണം സ്വീകരിക്കാനനുവദിച്ചാൽ അധ്വാനമില്ലാതെ, യാതൊരു നഷ്ടഭയവുമില്ലാതെ അത് നേടാനായിരിക്കും എല്ലാവർക്കും താൽപര്യം. അതോടെ ഉൽപാദനം മന്ദീഭവിക്കുന്നു. മനുഷ്യവംശത്തിന്റെ മൊത്തം താൽപര്യം ഹനിക്കപ്പെടുന്നു. കച്ചവടം, വ്യവസായം, നിർമാണം, കൃഷി തുടങ്ങിയ ഉൽപാദന പ്രവർത്തനങ്ങൾ വർധിക്കുകയാണ് മനുഷ്യവംശത്തിന്റെ താൽപര്യം."

പണത്തിന്റെ യഥാർഥ ദൗത്യത്തിനു പകരം അവതന്നെ പരസ്പരം വിനിമയം ചെയ്യപ്പെടുന്നത് പണപ്രദാനവും ഉൽപന്ന പ്രദാനവും തമ്മിൽ സൃഷ്ടിക്കുന്ന വിടവാണ് പണപ്പെരുപ്പത്തിന് മുഖ്യകാരണം എന്നാണ് ഇമാം ഗസ്സാലി പറഞ്ഞുവെച്ചത്. ജോൺ ഗ്രേയും ജെയിംസ് റോബർട്സണും സൂചിപ്പിച്ചതും ഇതുതന്നെ. പണത്തെ ലാഭമുണ്ടാക്കാനുള്ള ഉപകരണമായി പരസ്പരം കൈമാറ്റം ചെയ്യുന്ന പലിശ വ്യവസ്ഥയാണ് സമ്പദ്വ്യവസ്ഥയുടെ തകർച്ചക്ക് മുഖ്യ കാരണം.

## കടം ഇസ്ലാമിൽ

മുതലാളിത്ത സമ്പദ്വ്യവസ്ഥയിൽ, മേലനങ്ങാതെ കൂടുതൽ പണം നേടാനുള്ള ഒരു സാമ്പത്തിക പ്രവർത്തനമാണ് കടം. എന്നാൽ ഭൗതിക നേട്ടമാഗ്രഹിച്ചുള്ള കടം ഇസ്ലാം നിഷിദ്ധമാക്കുന്നു. മാനുഷിക പരിഗണനകളോ പരലോക നേട്ടമോ ആയിരിക്കണം കടത്തിന്റെ ലക്ഷ്യം. നിക്ഷേപമാണ് കടത്തിന്റെ ലക്ഷ്യമെങ്കിൽ മറ്റു ചില മാർഗങ്ങളാണ് ഇസ്ലാം വരച്ചുകാണിക്കുന്നത്. മൂന്നു രീതിയിലാണ് ആളുകൾക്കിടയിൽ കടമായി പണം കൈമാറുന്നത്.

എ) അനുകമ്പാപൂർവം നൽകുന്ന പണം. ബി) സമ്പാദ്യം സ്വരൂപിക്കാനുള്ള മാർഗം എന്ന നിലയിലുള്ള പണം നൽകൽ. സി) ലാഭ-നഷ്ട പങ്കാളിത്തത്തിനുള്ള പണ കൈമാറ്റം.

ആദ്യ രണ്ടു രീതികളിലും പ്രതിഫലം പ്രതീക്ഷിക്കരുത്. നിക്ഷേപം ഉദ്ദേശിച്ച് പണം കൈമാറുമ്പോൾ ലാഭത്തിലെന്ന പോലെ നഷ്ടത്തിലും പങ്കാളിയാവണം. പണം നൽകുന്നതോടെ ഇടപാട് അവസാനിക്കുന്നില്ല. സംരംഭകനുമൊത്തുള്ള കൂട്ടുത്തരവാദിത്വമാണ് ഇവിടെ വന്നുചേരുന്നത്. എന്നാൽ പലിശാധിഷ്ഠിത നിക്ഷേപത്തിൽ നിക്ഷേപകന് നിശ്ചിത പലിശ മാത്രം ഉറപ്പാക്കിയാൽ മതി. സംരംഭം നഷ്ടത്തിലായാൽ നിക്ഷേപകന് നൽകേണ്ട പലിശയുടെ ബാധ്യതയും സംരംഭകൻ ചുമക്കേണ്ടിവരുന്നു. ഇത് സംരംഭകനോടുള്ള അനീതിയാണ്.

അതേസമയം സംരംഭകൻ വൻ ലാഭമുണ്ടാക്കിയാൽ നിക്ഷേപകന് ലഭിക്കുന്നത് നിശ്ചിത പലിശ മാത്രമാണ്. ലാഭ-നഷ്ട പങ്കാളിത്തത്തിൽ ലഭിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് പലിശയായി കിട്ടുന്നുത്. ഇത് നിക്ഷേപകനോടുള്ള അനീതിയാണ്.

പലിശാധിഷ്ഠിത വായ്പകൾ ഇങ്ങനെ അസന്തുലിതമായ വിതരണമാണ് നടത്തുന്നത്. ഒന്നുകിൽ സംരംഭകന് അല്ലെങ്കിൽ മൂലധന ഉടമക്ക് അത് നഷ്ടമുണ്ടാക്കുന്നു. അതിനാൽ ശരീഅത്ത് ലാഭ-നഷ്ട പങ്കാളിത്തം അടിസ്ഥാനമാക്കിയുള്ള ധനകൈമാറ്റം നിർദേശിക്കുന്നു.

പലിശ നിരോധിക്കപ്പെടുന്നതോടെ കടം നിയന്ത്രിക്കപ്പെടും. പണകൈമാറ്റങ്ങൾ സന്തുലിതമാവും. അനിവാര്യമായ സന്ദർഭത്തിൽ മാത്രം കടത്തെ സമീപിക്കാനാണ് ഇസ്ലാമിന്റെ കൽപന. കടബാധ്യതയുള്ളയാളുടെ മയ്യിത്ത് നമസ്കരിക്കാൻ പ്രവാചകൻ വിസമ്മതിച്ചതിലൂടെ, കടം ജീവിതത്തിന്റെ ഭാഗമാവാൻ പാടില്ല എന്ന സൂചനയാണ് നൽകിയത്. പലിശ നിരോധനത്തിലൂടെ കടം വാങ്ങി ധൂർത്തടിക്കാനുള്ള സാഹചര്യവും ഇസ്ലാം ഇല്ലാതാക്കുന്നു.

പലിശ അനുവദിക്കുകയും കടം വ്യാപകമാവുകയും ചെയ്യുന്നതോടെ അത് കൂടുതൽ പണമുണ്ടാക്കാനുള്ള മാർഗമായി മാറുന്നു. സമ്പദ്വ്യവസ്ഥ തന്നെ കടാധിഷ്ഠിതമായി മാറും. സാമ്പത്തിക പ്രവർത്തനങ്ങളെ അത് മന്ദീഭവിപ്പിക്കുകയും കടക്കെണിയിലേക്ക് രാജ്യത്തെ തള്ളിവിടുകയും ചെയ്യും. ഇന്ന് ഏതാണ്ടെല്ലാ രാജ്യങ്ങളും പലിശക്കെണിയിലും കടക്കെണിയിലും പെട്ടുഴലുകയാണെന്ന കാര്യം വ്യക്തമാണല്ലോ. ദേശീയ വരുമാനത്തേക്കാൾ അധികമാണ് പല രാജ്യങ്ങളുടെയും കടം. ബ്രിട്ടനിൽ 1997-ൽ ദേശീയ വരുമാനത്തിന്റെ ഇരട്ടിയിലധികം കടബാധ്യതയുണ്ട്. വ്യക്തികളും ഭാവിവരുമാനം പ്രതീക്ഷിച്ച് കടം വാങ്ങുകയും ചെലവഴിക്കുകയും ചെയ്യുന്നു. പണത്തിന്റെ കച്ചവടമാണ് ലോകമെങ്ങും നടക്കുന്നത് എന്നർഥം.

ബ്രിട്ടനിലെ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും സാമ്പത്തിക മാറ്റത്തെക്കുറിച്ചുള്ള പ്രവചനങ്ങളിൽ അവാർഡ് ജേതാവുമായ പീറ്റർ വർബർടൺ (Peter Warburton) ഈ അവസ്ഥയെക്കുറിച്ച് ഇങ്ങനെ പറയുന്നു:

"കട വിപണിയുടെയും മൂലധന വിപണിയുടെയും മൂല്യവർധനവോ വ്യക്തതയോ കൂടാതെയുള്ള അഭൂതപൂർവമായ വളർച്ച പാശ്ചാത്യ സമ്പദ്ക്രമത്തിന്റെ പൊട്ടിത്തെറിക്കുള്ള മുന്നൊരുക്കമാണ്." ■

(അവസാനിക്കുന്നില്ല)